(ബി) 12-8-1999 ന് ആരംഭിച്ചു. 31-3-2006 ന് പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി) 31-12-2004 വരെ 13.18 കോടി രൂപ ചെലവായി.

(ഡി) 205 കോടി രൂപ.

(ഇ) ഒന്നാംഘട്ട സംസ്ഥാനതല വിന്യാസത്തിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ 100% പൂർത്തിയായി.

പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡ് വിഭജനം

89 [864] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡ് വിഭജനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) ബാധകമല്ല.

പഞ്ചായത്തുകൾ പുനർവിഭജനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

90 [865] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷനുകളോടും മുനിസിപ്പാലിറ്റികളോടും ചേർത്തിരുന്ന പഞ്ചായത്തുകൾ പ്രസ്തുത കോർപ്പറേഷനുകളിൽ നിന്നും വേർപെടുത്തി പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്താമോ ;

(ഡി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് പുതുതായി എത്ര പഞ്ചായത്തുകൾ നിലവിൽ വരും ; അവ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനസംഖ്യാ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനർവിഭജനം നടത്തുന്നതിന്റെ ഫലമായി എത്ര പഞ്ചായത്തുകൾ നിലവിൽ വരും; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വാർഡുകളുടെ പുനഃസംഘടനാ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) തിരുവനന്തപുരം കോർപ്പറേഷനോട് ചേർത്ത നേമം, ആറ്റിപ്ര, തിരുവല്ലം എന്നീ പഞ്ചായത്തുകളേയും തളിപ്പറമ്പ്, തലശ്ശേരി, പൊന്നാനി, കുന്നംകുളം, നെയ്യാറ്റിൻകര എന്നീ മുനിസിപ്പാലിറ്റികളോട് കൂട്ടിചേർത്ത യഥാക്രമം അണ്ടൂർ, കൊടിയേരി, എഴുവാതുരുത്തി, ആർത്രാട്ട്, പെരുംപഴുതൂർ (കൊയിലാണ്ടിയിൽ ലയിപ്പിച്ച അരീക്കുളം പഞ്ചായത്തിലെ മൂന്നു വാർഡുകൾ) എന്നീ ഗ്രാമ പഞ്ചായത്തുകളെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഭൂപ്രദേശങ്ങളുടെ കിടപ്പും ഗ്രാമീണ സ്വഭാവവും കണക്കിലെടുത്താണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ഡി) ഇതിന്റെ ഫലമായി ആറ്റിപ്ര, നേമം, തിരുവല്ലം, അണ്ടൂർ, കൊടിയേരി, എഴുവാതുരുത്തി, ആർത്രാട്ട്, പെരുംപഴുതൂർ എന്നീ എട്ട് പഞ്ചായത്തുകൾ നിലവിൽ വരുന്നതാണ്.

(ഇ) അൻപതിനായിരത്തിലധികം ജനസംഖ്യ ഉള്ളതും 30 ച.കി.മീറ്ററിൽ കൂടുതൽ വിസ്തൃതി ഉള്ളതും പ്രവർത്തിക്കാൻ ആവശ്യമായ തനതുഫണ്ട് സ്വരൂപിക്കാൻ കഴിവുള്ള താഴെ പറയുന്ന പഞ്ചായത്തുകളെ വിഭജിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

പഞ്ചായത്തിന്റെ പേര്	ജില്ല
1. ചാത്തന്നൂർ	കൊല്ലം
2. കടയ്ക്കൽ	,,
3. തൃക്കോവിൽവട്ടം	,,
4. മുണ്ടക്കയം	കോട്ടയം
5. മൂന്നാർ	ഇടുക്കി
6. മണ്ണാർക്കാട്	പാലക്കാട്
7. തവന്നൂർ	മലപ്പുറം
8. ചീക്കോട്	,,
9. താമരശ്ശേരി	കോഴിക്കോട്

പുതിയ പഞ്ചായത്തുകളുടെ എണ്ണവും അവയുടെ പേരും ആസ്ഥാനവും തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വാർഡുകളുടെ പുനഃസംഘടന സംബന്ധിച്ചുള്ള കേരള പഞ്ചായത്ത്‌രാജ് ആക്ട് നിയമത്തിലെ വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു:

1. ഓരോ പഞ്ചായത്തിന്റെയും അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും നിയോജക മണ്ഡലങ്ങളായി വിഭജിക്കേണ്ടതും അപ്രകാരമുള്ള നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുമാണ്.

2. ഓരോ നിയോജക മണ്ഡലത്തിലെയും ജനസംഖ്യ പ്രായോഗികമാകുന്നിടത്തോളം ആ പഞ്ചായത്തു പ്രദേശത്തിലൊട്ടാകെ ഒന്നുതന്നെ ആയിരിക്കേണ്ടതാണ്.

3. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജക മണ്ഡലമായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമ പഞ്ചായത്തിന്റെ നിയോജക മണ്ഡലത്തേയോ, ഒരു ജില്ലാ പഞ്ചായത്തിന്റെ ഭൂപ്രദേശം നിയോജക മണ്ഡലങ്ങളായി വിഭജിക്കുമ്പോൾ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ യാതൊരു ഗ്രാമ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ നിയോജക മണ്ഡലത്തേയോ ഒന്നിലധികം ഭാഗങ്ങളായി വേർതിരിക്കാത്ത വിധത്തിൽ നിശ്ചയിക്കേണ്ടതാണ്.

പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അതിർത്തികൾ നിശ്ചയിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ മേൽ സൂചിപ്പിച്ചിട്ടുള്ള കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

91 [866] ശ്രീ. പി. നാരായണൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ മേയർമാരേയും മുനിസിപ്പൽ ചെയർമാൻമാരേയും പഞ്ചായത്ത് പ്രസിഡന്റ്മാരേയും നേരിട്ട് വോട്ടർമാർ തെരഞ്ഞെടുക്കുന്ന രീതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദവിവരവും പ്രസ്തുത രീതി എപ്പോൾ മുതൽ പ്രാബല്യത്തിൽ വരുമെന്നും വ്യക്തമാക്കുമോ ;

(സി) ജനസംഖ്യാനുപാതികമായി എത്ര പഞ്ചായത്തുകൾ വിഭജിക്കേണ്ടതായിട്ടുണ്ട് ; അതിനുള്ള നടപടി ഏതുവരെയായി എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.